# ഓക്സിജൻ കൈകാര്യം ചെയ്യുമ്പോൾ

Break the chain

Back to Basics

CRUSH THE CURVE

**KERALA STATE DISASTER MANAGEMENT AUTHORITY**

**KERALA INSTITUTE OF LOCAL ADMINISTRATION**

# ഓക്സിജൻ പ്രധാന ആയുധം

- കോവിഡ് യുദ്ധത്തിൽ ഓക്സിജൻ നിർണായകം
- ഓക്സിജൻ ഉത്പാദനം, വിതരണം, സംഭരണം - പല തലത്തിൽ
- മുൻപ് സൌകര്യങ്ങൾ ഉള്ളത് ആശുപത്രികളിൽ മാത്രം
- ഇന്ന് താഴെ തട്ടിലേക്ക് കൂടി വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു
- കോവിഡ് ട്രീട്മെന്റ് സെന്ററിലും ചിലപ്പോൾ DCC കളിലും വരെ
- ഒരു ഘട്ടത്തിൽ സാങ്കേതിക സഹായത്തോടെ ആവശ്യാനുസരണം വീടുകളിലും ഓക്സിജൻ ലഭ്യമാക്കേണ്ടി വന്നേക്കാം

# ഓക്സിജൻ ചെയിൻ

- സർക്കാരും ആരോഗ്യ വകുപ്പും ഓക്സിജൻ ലഭ്യത ഉറപ്പാക്കാൻ നടപടി എടുക്കുന്നു
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ലഭ്യതയും വിതരണ രീതിയും ഉറപ്പാക്കണം
- ആരോഗ്യ പ്രവർത്തകർ വഴി രോഗികളിലേക്ക്
- ചികിത്സയുടെ ഭാഗമായാണ് ഉപയോഗിക്കുന്നതെന്നതിനാൽ ഡോക്ടറുടെ നിർദ്ദേശ പ്രകാരം മാത്രം രോഗിക്ക് ഓക്സിജൻ നൽകുക
- സുരക്ഷ ക്രമീകരണങ്ങൾ അത്യാന്താപേക്ഷിതം





# ഓക്സിജൻ

- ജീവ വായു
- അന്തരീക്ഷത്തിലെ രണ്ടാമത്തെ വലിയ ഘടകം
- വ്യാപ്തം - 20.8 %
- ജീവന്റെ നിലനിൽപ്പിന് ഓക്സിജൻ അത്യന്താപേക്ഷിതം





# അപകടകാരിയും!

- ഓക്സിജൻ ജ്വലന നിരക്ക് വർദ്ധിപ്പിക്കും
- അത് സ്ഫോടനത്തിലേക്ക് നയിച്ചേക്കാം
- ഓക്സിജന്റെ ചോർച്ച ഉണ്ടാകരുത്
- ചോർച്ച സ്ഥലത്തിന് ചുറ്റും ജ്വലന സ്രോതസ്സുകളില്ലെന്ന് ഉറപ്പുവരുത്തണം
- അഗ്നി അപകട സാധ്യത കുറവായതിനാൽ ഓക്സിജൻ ദ്രാവക രൂപത്തിൽ കൊണ്ടുപോകുന്നു
- പക്ഷേ ഒരു സ്ഫോടന സാധ്യത ഇപ്പോഴും നിലനിൽക്കുന്നു.





# അപകടങ്ങൾ ഒഴിവാക്കാൻ

- ദ്രാവക ഓക്സിജനിൽ നിന്നുമുള്ള കോൾഡ് ബേൺസ് തീവ്രമായ പൊള്ളലിന് കാരണമാകാം
- ഓക്സിജന്റെ സാന്ദ്രത വർദ്ധിക്കുമ്പോൾ തീയുടെ ആളികത്തലിന് സാധ്യത കൂടുന്നു





# പുകവലി പാടില്ല!

- വായുവിൽ എളുപ്പത്തിൽ കത്തുന്ന വസ്തുക്കൾ ജ്വലനത്തിന് ഇരയാകുക മാത്രമല്ല, ഓക്സിജന്റെ സാന്നിധ്യത്തിൽ ഊർജ്ജത്തോടെ കത്തുകയും ചെയ്യുന്നു.



- ഓക്സിജൻ സംഭരിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും പ്രദേശങ്ങളിൽ പുകവലി അല്ലെങ്കിൽ തുറന്ന തീജ്വാലകൾ അനുവദിക്കരുത്



# ഓക്സിജൻ സിലിണ്ടറുകൾ വിതരണവും ഗതാഗതവും

- ഓക്സിജൻ സിലിണ്ടറുകൾ നിലത്ത് ഉരുട്ടിക്കൊണ്ടു പോകരുത്
- കംപ്രസ് ചെയ്ത സിലിണ്ടറുകൾ എപ്പോഴും നിവർന്നു നിൽക്കണം
- സിലിണ്ടറുകളുടെ ഗതാഗതം ശ്രദ്ധാപൂർവ്വം ആയിരിക്കണം
- വാൽവ് തകർന്നാൽ സിലിണ്ടർ ഒരു റോക്കറ്റ് പോലെയാകും, ഇത് പരിക്കുകൾക്കോ മരണത്തിനോ കാരണമാകാം.
- സിലിണ്ടറുകളുടെ ചലനത്തിന് ട്രോളി ഉപയോഗിക്കണം
- ലോഡിങ്ങും അൺലോഡിങ്ങും അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യണം

# ഓക്സിജൻ സിലിണ്ടറുകൾ - വിതരണവും ഗതാഗതവും

- എല്ലാ സിലിണ്ടറുകളും ഒന്നിച്ച് നീക്കുന്നത് തടയുക
- വാഹനം വേഗത പരിധി കടക്കരുത്
- ഒരേ സമയം കടത്തേണ്ട സിലിണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തുക
- സിലിണ്ടറുകൾ താഴെ ഇടുകയോ, അല്ലെങ്കിൽ ആഘാതം ഏല്ക്കുന്നതിന് ഇടയാക്കുകയോ ചെയ്യരുത്

# ഓക്സിജൻ സിലിണ്ടറുകൾ - വിതരണവും ഗതാഗതവും

- അത്യാഹിതങ്ങൾ കൈകാര്യം ചെയ്യാൻ ഡ്രൈവർക്ക് തീർച്ചയായും പരിശീലനം
- മെറ്റീരിയൽ സേഫ്റ്റി ഡാറ്റ ഷീറ്റും (എം.സ്.ഡി.സ്) ട്രാൻസ്പോർട്ട് എമർജൻസി കാർഡും (ടെം കാർഡ്) വാഹനത്തിൽ ലഭ്യമായിരിക്കണം



# സിലിണ്ടർ കൈകാര്യം ചെയ്യുമ്പോൾ

- സിലിണ്ടറുകൾ നീക്കാൻ മെക്കാനിക്കൽ ലിഫ്റ്റിംഗ് ഉപകരണങ്ങളും ട്രോളികളും പരമാവധി ഉപയോഗിക്കുക.



- സുരക്ഷാ ബൂട്ടും, സുരക്ഷാ കണ്ണാടികളും, ലെതർ കയ്യുറകളും ധരിച്ചിട്ട് മാത്രമേ സിലിണ്ടറുകൾ കൈകാര്യം ചെയ്യാൻ പാടുള്ളൂ.



- ലോഡുചെയ്യുമ്പോഴും ഗതാഗതം ചെയ്യുമ്പോഴും സിലിണ്ടർ അൺലോഡു ചെയ്യുമ്പോഴും, പുകവലി കർശനമായി നിരോധിച്ചിരിക്കുന്നു.



# സിലിണ്ടർ കൈകാര്യം ചെയ്യുമ്പോൾ

- സിലിണ്ടറുകൾ വീഴുന്നത് തടയാൻ ചങ്ങലകളോ മറ്റ് മാർഗങ്ങളോ  ഉപയോഗിച്ച് നിശ്ചലമാക്കണം.
- ലോഡിങ്ങും അൺലോഡിങ്ങും അതീവ ജാഗ്രതയോടെ
- ലോഡിങ് അൺലോഡിങ് ഏരിയയിൽ റബ്ബർ മാറ്റുകൾ ഉപയോഗിക്കണം

# സംഭരണ സ്ഥലങ്ങളിൽ

- കംപ്രസ് ചെയ്ത സിലിണ്ടറുകൾ എപ്പോഴും നിവർന്നു നിൽക്കണം
- സിലിണ്ടർ ചങ്ങല ഉപയോഗിച്ച് ബന്ധിപ്പിക്കണം
- എല്ലാ സിലിണ്ടറുകൾക്കും വാൽവുകളിൽ ക്യാപ്പ് ഉണ്ടാകണം
- ചോർച്ചയ്ക്ക് കാരണമായേക്കാവുന്ന കേടുപാടുകളിൽ നിന്ന് സംരക്ഷിക്കുന്നതിന് സിലിണ്ടറുകൾ ഉപയോഗത്തിലില്ലാത്തപ്പോൾ വാൽവുകൾ അടയ്ക്കണം
- സിലിണ്ടറിന്റെ ഏറ്റവും ദുർബലമായ ഭാഗമാണ് വാൽവ്
- അതിനു ക്ഷതമേൽക്കുന്ന പ്രവർത്തികൾ ഒഴിവാക്കണം

# സംഭരണ സ്ഥലങ്ങളിൽ

- സിലിണ്ടറുകൾ എല്ലായ്പ്പോഴും ജ്വലന വസ്തുക്കളിൽ നിന്ന് അകറ്റി നിർത്തണം
- നന്നായി വായുസഞ്ചാരമുള്ള സ്ഥലങ്ങളിൽ സിലിണ്ടറുകൾ സൂക്ഷിക്കണം.
- പുകവലി കർശനമായി നിരോധിക്കുക
- ‘പുകവലി പാടില്ല’ അടയാളങ്ങൾ സ്ഥാപിക്കണം
- കത്തുന്ന ഗ്യാസ് സിലിണ്ടറും ഓക്സിജൻ സിലിണ്ടറും തമ്മിൽ കുറഞ്ഞത് 20 അടി ദൂരം എല്ലായ്പ്പോഴും നിലനിർത്തുക






## സംഭരണ സ്ഥലങ്ങളിൽ

- എല്ലാ തരം സിലിണ്ടറുകളും വേർ തിരിച്ചു സംഭരിക്കുക
- ശൂന്യമായ സിലിണ്ടറുകൾ നിറഞ്ഞവയിൽ  നിന്നും വേർതിരിച്ച് അതിനനുസരിച്ച് ടാഗ് ചെയ്തു വെക്കണം
- നിറഞ്ഞ സിലിണ്ടറുകൾ ദീർഘകാലം സൂക്ഷിക്കുന്നത് തടയാൻ ഫിഫോ (ഫസ്റ്റ്-ഇൻ, ഫസ്റ്റ്-ഔട്ട്) ഇൻവെന്ററി സിസ്റ്റം ഉപയോഗിക്കണം.

# സംഭരണ സ്ഥലങ്ങളിൽ

- സിലിണ്ടർ സംഭരണത്തിലേക്ക് നേരിട്ട് പ്രവേശനം നൽകുന്ന എല്ലാ വാതിലുകളും ഗേറ്റുകളും പുറത്തേക്ക് തുറക്കേണ്ടതാണ്
- സിലിണ്ടറുകൾ എമർജൻസി എക്സിറ്റുകളിൽ നിന്നും കൂടുതൽ സഞ്ചാര-സ്ഥലങ്ങളിൽ നിന്നും മാറ്റി സൂക്ഷിക്കണം
- നനഞ്ഞ നിലകളിൽ സിലിണ്ടറുകൾ സൂക്ഷിക്കാൻ പാടില്ല
- സിലിണ്ടർ സംഭരണത്തിന് മതിയായതും എന്നാൽ നിയന്ത്രിതവുമായ  പ്രവേശനം (റെസ്ട്രിക്ടഡ് ആക്സസ്) മാത്രം
- സൈൻ ബോർഡുകൾ സ്ഥാപിക്കണം

# സംഭരണ സ്ഥലങ്ങളിൽ

- റേഡിയേറ്ററുകളിൽ നിന്നും മറ്റ് താപ സ്രോതസ്സുകളിൽ നിന്നും അകലെ സിലിണ്ടറുകൾ സൂക്ഷിക്കണം
- ഓക്സിജൻ സിലിണ്ടറുകൾ വാകം, മെഡിക്കൽ എയർ കംപ്രസർ പ്ലാന്റ് എന്നിവയിൽ നിന്ന് വേർതിരിക്കണം
- വൈദ്യുതി കണക്ഷനുകൾ, ജ്വലനത്തിന്റെ ഉറവിടങ്ങൾ, ജ്വലനം മാലിന്യ വസ്തുക്കൾ നിന്ന് അകലെ സൂക്ഷിക്കണം
- സംഭരണസ്ഥലത്തിനു ചുറ്റും ജ്വലന സ്രോതസുകൾ, പുകവലി, തീജ്വാലകൾ കർശനമായി ഒഴിവാക്കേണ്ടതാണ് (സൈൻബോർഡുകൾ സ്ഥാപിക്കേണ്ടതാണ്)

# മുൻകരുതലുകൾ

- ചോർച്ചയോ മറ്റ് പ്രശ്നങ്ങളോ ഉണ്ടാകാതിരിക്കാൻ സിലിണ്ടറുകളും അതിന്റെ സംഭരണവും പതിവായി പരിശോധിക്കണം.
- സംഭരണ സ്ഥലത്തിന്റെ താപനില 52 ° C (125 ° F) കവിയാൻ പാടില്ല.
- ഓക്സിജൻ സിലിണ്ടറുകൾ റാക്കുകളിലോ ചങ്ങലകളിലോ സുരക്ഷിതമാക്കിയിരിക്കണം.
- മുറിയിൽ സിലിണ്ടറുകൾ കൈകാര്യം ചെയ്യാൻ മതിയായ ഇടമുണ്ടായിരിക്കണം

# മുൻകരുതലുകൾ

- മെറ്റീരിയൽ സേഫ്റ്റി ഡാറ്റ ഷീറ്റ് (എം.സ്.ഡി.സ്) സ്റ്റോറേജ് ഏരിയയിൽ ലഭ്യമായിരിക്കണം
- ഗ്യാസ് സിലിണ്ടറുകൾക്ക് മുകളിൽ മറ്റ വസ്തുക്കളൊന്നും സൂക്ഷിക്കാൻ പാടില്ല.
- ഓക്സിജൻ സിലിണ്ടർ സംഭരണ മുറിയിൽ/സ്ഥലത്ത മറ്റ വസ്തുക്കളൊന്നും സൂക്ഷിക്കരുത്

# കൈകാര്യം ചെയ്യുന്നവർ

- ദ്രാവക ഓക്സിജനും അനുബന്ധ ഉപകരണങ്ങളും കൈകാര്യം ചെയ്യാൻ അനുവദിക്കുന്നതിന് മുമ്പ് ഓക്സിജൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഭൗതികവും രാസപരവുമായ സവിശേഷതകളും സുരക്ഷാ പരിഗണനകളും നന്നായി അറിയണം.
- കംപ്രസ്ഡ് ഗ്യാസ് സിലിണ്ടറുകൾ ശരിയായി കൈകാര്യം ചെയ്യാൻ ആ കേന്ദ്രത്തിലെ എല്ലാ ജീവനക്കാരും അറിഞ്ഞിരിക്കണം

# പരിശീലനം അത്യാവശ്യം

- ജീവനക്കാർക്ക് പതിവായി പരിശീലനം നൽകണം
- CFLTC, DCC കളിലും തീർച്ചയായും പരിശീലനം നൽകണം
- തീപിടുത്തം നേരിടാൻ ഓരോ കേന്ദ്രത്തിലും പരിശീലനം
- മോക്ക് ഡ്രിൽ
- ഫസ്റ്റ് എയിഡ് പരിശീലനം

# പ്രതികരണ സംവിധാനത്തിലെ പ്രധാന വിവരങ്ങൾ

- ദ്രാവക ഓക്സിജൻ അന്തരീക്ഷത്തിലേക്ക് എത്തുന്ന നിമിഷം അത് ബാഷ്പീകരിക്കപ്പെടുകയും തുടർന്ന് മൂടൽമഞ്ഞിന്റെ പ്രതീതി ഉളവാക്കുന്നു.
- അതിനാൽ, ചോർച്ചയുണ്ടായാൽ അത് ഫലപ്രദമായി മനസിലാക്കാനും തടയുവാനും കഴിയില്ല
- ഏക മാർഗം അപകടസാധ്യത ഇല്ലാതാക്കുക
- ചോർച്ചയുടെ ഉറവിടം കണ്ടെത്തി ലീക്ക് തടയുക

## ഓക്സിജൻ ചോർച്ചയ്ക്ക് കാരണമായ അപകടമുണ്ടായാൽ

- ഉറവിടത്തിലെ ചോർച്ച തടയുക പ്രാഥമിക ലക്ഷ്യം
- ചുറ്റുമുള്ള സ്ഥലത്ത് നിന്നുള്ള ജ്വലനത്തിന്റെ എല്ലാ സ്രോതസ്സുകളും ഇല്ലാതാക്കണം
- വലിയ അളവിൽ ഓക്സിജൻ ചോർച്ച കാരണം, തീ എളുപ്പത്തിൽ ഒരു സ്ഫോടനത്തിലേക്ക് നയിക്കും
- ചുറ്റും മതിയായ വായുസഞ്ചാരം ഉണ്ടായിരിക്കണം, എങ്കിൽ ചോർന്ന ഓക്സിജൻ എവിടെയും ശേഖരിക്കപ്പെടില്ല
- അല്ലെങ്കിൽ പിന്നീട് ഒരു സ്ഫോടനത്തിന് കാരണമായേക്കാം

# തീപിടുത്തമുണ്ടായാൽ

- തീ കെടുത്താനും കണ്ടെയ്നർ തണുപ്പിക്കാനും വാട്ടർ സ്പ്രേ അല്ലെങ്കിൽ വാട്ടർ മിസ്റ്റ് ഉപയോഗിക്കണം
- വാട്ടർ ജെറ്റുകൾ ഉപയോഗിക്കാൻ പാടില്ല
- വാതക ചോർച്ച നിർത്താൻ കഴിയുന്നില്ലെങ്കിൽ, അപകടകരമായ പ്രദേശം ഒഴിപ്പിക്കണം
- തീപിടിത്തത്തിന്റെയും സ്ഫോടനത്തിന്റെയും അപകടസാധ്യത കുറയ്ക്കുന്നതിന് പ്രദേശത്തെ എല്ലാ ഗതാഗത നീക്കങ്ങളും അവസാനിപ്പിക്കണം

# വ്യക്തിഗത സംരക്ഷണ സംവിധാനം (പിപിഇ പോളിസി)

- ഫയർ സ്യൂട്ടുകൾ
- സെല്ഫ് കണ്ടൈൻഡ് ബ്രീത്തിങ് അപ്പാരറ്റസ് (SCBA)
- ക്രയോജനിക് ഗ്ലോവ്സ്
- സേഫ്റ്റി ഷൂസ്
- ചോർച്ച തടയുന്നതിന് സ്പാർക്ക് പ്രൂഫ് ടൂളുകളുള്ള ടൂൾസ് ബോക്സ്











# ആവശ്യം കരുതേണ്ട സുരക്ഷ സാമഗ്രികൾ - അഗ്നി സുരക്ഷാ സൗകര്യങ്ങൾ

- വിവിധ തരം സാമഗ്രികൾ
- ഓരോ കേന്ദ്രത്തിലെയും ഓക്സിജൻ സംഭരണ സ്വഭാവവും വ്യാപ്തിയുമനുസരിച്ച് ഇവയിൽ ഏതൊക്കെയാണ് സ്ഥാപിക്കേണ്ടതെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയുടെ നിർദ്ദേശം സ്വീകരിക്കേണ്ടതാണ്

# അഗ്നി സുരക്ഷാ സൗകര്യങ്ങൾ

- **ഫയർ ഹൈഡ്രന്റ് സിസ്റ്റം (Fire Hydrant System)**
  **തീപിടുത്തമോ ലീക്കേജോ ഉണ്ടായാൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കാനായി ഓക്സിജൻ സംഭരണ സ്ഥലത്തിന് അടുത്തായി ഹൈഡ്രന്റ് പോയിന്റുകൾ സ്ഥാപിക്കേണ്ടതാണ്.**





# അഗ്നി സുരക്ഷാ സൗകര്യങ്ങൾ

## ഫയർ എസ്റ്റിംഗിഷെർ (Fire Extinguishers)

- തീപിടുത്തം ഉണ്ടായാൽ ഉടനടി ഉപയോഗിക്കാൻ ഒരു ഉപകരണം
- Dry Chemical Powder (DCP) & Carbon dioxide ആണ് ഇത്തരത്തിലുള്ള തീപിടുത്തങ്ങൾ ഉണ്ടാവുമ്പോൾ ഉപയോഗിക്കുക
- ലഭ്യത ഉറപ്പുവരുത്തണം



# അഗ്നി സുരക്ഷാ സൗകര്യങ്ങൾ

## ഗ്യാസ് മോണിറ്ററിംഗ് സിസ്റ്റം (Gas Monitoring System)

**ഒരു ഗ്യാസ് ലീക്കുണ്ടായാൽ പരിസ്ഥിയിലെ ഓക്സിജന്റെ അളവ് ഒരു നിശ്ചിത അളവിൽ കൂടുതൽ ആയാൽ അലാറത്തിലൂടെ അറിയിക്കുന്ന ഉപകരണം.**



# അഗ്നി സുരക്ഷാ സൗകര്യങ്ങൾ

## ഫയർ അലാറം സിസ്റ്റം (Fire Alarm System)

**മാന്വൽ കാൾ പോയ്ന്റ്സ് (എം.സി.പി) (Manual Call Points) - ഉചിതമായ ലൊക്കേഷനുകളിൽ മാന്വൽ ആയി സൈറൺ മുഴക്കുന്നതിന്.**





# അഗ്നി സുരക്ഷാ സൗകര്യങ്ങൾ

## ഓക്സിജൻ എൻറിച്ചഡ് പോർട്ടബിൾ ഗ്യാസ് ഡിറ്റക്ടർ (Oxygen Enriched Portable Gas Detector)

ഗ്യാസ് ലീക് കണ്ടുപിടിക്കുന്നതിനായി ഉപയോഗിക്കുന്ന ഉപകരണം






# അഗ്നി സുരക്ഷാ സൗകര്യങ്ങൾ

## സ്പ്രിങ്ക്ലർ സിസ്റ്റം (Sprinkler System)

**ചോർച്ചയോ തീപിടുത്തമോ ഉണ്ടായാൽ ഓട്ടോമാറ്റിക് ആയി വെള്ളം സ്പ്രേ ചെയ്യാനും സിലിണ്ടറുകൾ തണുപ്പിക്കാനും തീ അണക്കാനും**







KILA Help Desk
0487-2455000
0487-2204097
helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in

**KERALA INSTITUTE OF LOCAL ADMINISTRATION**

**Website : www.kila.ac.in, Email : info@kila.ac.in**